**ഭരണഭാഷ - മാതൃഭാഷ**

നം. 15/2026 ഡി.ഐ.ഒ. ഐ.ഡി.കെ

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഇടുക്കി**
കളക്ട്രേറ്റ്, കുയിലിമല, പിൻ-685603
ഫോൺ : 04862 233036
ഇ-മെയിൽ:dio.idk@gmail.com

തീയതി- **23.01.2026.**

## ക്വട്ടേഷൻ നോട്ടീസ് - 3

**വിഷയം: ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് - ഇടുക്കി - ജില്ലാതലമത്സരങ്ങൾ- സ്റ്റേജ് -സദസ് - രജിസ്ട്രേഷൻ കൗണ്ടർ ക്രമീകരണങ്ങൾ, കമാനം, ബോർഡുകൾ -ക്വട്ടേഷൻ ക്ഷണിക്കുന്നതു സംബന്ധിച്ച്**

സൂചന: 1) സ.ഉ. (കൈ)നം. 18/2025/ഐ & പിആർഡി, തീയതി 30/12/2025
2) ഐ & പിആർഡി ഡയറക്ടറുടെ 21/1/26-ലെ ഇ-മെയിൽ (അറിയിപ്പ്).

സംസ്ഥാനസർക്കാരിന്റെ ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് പരിപാടിയുടെ ജില്ലാതലമത്സരങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 2026 ഫെബ്രുവരി 3-ന് ഇടുക്കി ജില്ലയിലെ കുട്ടിക്കാനം മരിയൻ കോളേജിൽ സ്റ്റേജ് - സദസ്- രജിസ്ട്രേഷൻ കൗണ്ടർ ക്രമീകരണങ്ങൾ, കമാനം, ബോർഡുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നതിന്/സംവിധാനങ്ങൾ ഒരുക്കുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

വിശദവിവരം ചുവടെ.

| നം | ഇനവിവരം | സൈസ് | എണ്ണം | സ്ഥാനം |
|---|---|---|---|---|
| 1 | പ്രവേശനകവാടത്തിൽ കമാനം (അലങ്കാരങ്ങൾ, പരിപാടിയുടെ വിവരങ്ങൾ സഹിതം) | Width - 12 Ft<br>Height - 10 Ft | 1 | റോഡിൽ നിന്ന് കയറുന്നിടത്ത് |
| 1(a) | | Width - 12 Ft<br>Height - 12 Ft | 1 | |
| 2 | വേദിയിൽ 6 ടീമുകൾ (12 മത്സരാർത്ഥികൾക്ക് ഇരിക്കുന്നതിനുള്ള പൊക്കമുള്ള സ്റ്റൂൾ / ബാർ സ്റ്റൂൾ ഉയരമുള്ളത്, പോഡിയം, വേദിയിൽ സമ്മാനങ്ങൾ പ്രദർശിപ്പിച്ചുവയ്ക്കുന്നതിനായുള്ള മേശകൾ, വിരിപ്പ്) | | | സ്റ്റേജിൽ |
| 3 | രജിസ്ട്രേഷൻ കൗണ്ടറുകൾക്ക് ആവശ്യമായ കസേര, മേശ | ഹാൻഡ് റെസ്റ്റ് ഇല്ലാത്ത കസേരകൾ | 5 മേശ<br>10 കസേര | രജിസ്ട്രേഷൻ കൗണ്ടർ |
| 4 | അവാർഡ് വിതരണ ചടങ്ങിന് ആവശ്യമായ കസേര | ഹാൻഡ് റെസ്റ്റ് ഉള്ള കസേരകൾ | 10 | സ്റ്റേജിൽ |
| 5 | പരിപാടിയുടെ വിവരങ്ങൾ സഹിതം ബോർഡുകൾ തയ്യാറാക്കി സ്ഥാപിക്കൽ | Width - 4 Ft<br>Height - 6 Ft | 2 | ഹാളിന് പുറത്തും, പ്രവേശന കവാടത്തിലും |
| ഏകദേശസൈസാണ് കൊടുത്തിരിക്കുന്നത്.<br>നിരോധിത പ്ലാസ്റ്റിക്/മറ്റ് വസ്തുക്കൾ ഉപയോഗിക്കരുത് | | | | |

(മറുപുറം)

പട്ടികയിൽ പരാമർശിച്ചവ പൂർണമായോ ഭാഗികമായോ ആവശ്യാനുസരണം ജില്ലാ ഇൻഫർമേഷൻ ഓഫീസർ മുൻകൂറായി ഓർഡർ ചെയ്യും. എല്ലാ നികുതികളും ചെലവുകളും ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻ തുകയിൽ നിന്ന് നിയമാനുസൃതആദായനികുതി കിഴിവുചെയ്യും. ക്വട്ടേഷൻ എടുക്കുന്ന സ്ഥാപനം/വ്യക്തിക്ക് ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള പാൻ കാർഡ് നിർബന്ധമാണ്. ജി.എസ്.ടി. ബാധകമല്ലാത്തവർ സാക്ഷ്യപത്രം നൽകണം. ക്വട്ടേഷൻ സംബന്ധിച്ച അന്തിമതീരുമാനം ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷൻ/കരാർ/വർക്ക് ഓർഡർ പ്രകാരമുള്ള പ്രവർത്തനം പൂർത്തിയായ ശേഷം, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്വട്ടേഷൻ എടുക്കുന്ന സ്ഥാപനം/വ്യക്തിയുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ബിൽ തുക മാറി നൽകുക. ക്വട്ടേഷൻ അംഗീകരിക്കാനും നിരസിക്കാനും ഈ നോട്ടീസിലെ/കരാറിലെ/വർക്ക് ഓർഡറിലെ നിർദ്ദേശങ്ങൾ അനുസരിക്കാത്ത പക്ഷം ക്വട്ടേഷൻ എടുക്കുന്ന വ്യക്തി/സ്ഥാപനത്തിനെതിരേ നിയമനടപടി സ്വീകരിക്കാനുള്ള എല്ലാവിധ അധികാരവും അവകാശവും ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. ഇതുമായി ബന്ധപ്പെട്ട് തർക്കം, കോടതി വ്യവഹാരങ്ങളുണ്ടായാൽ ഇടുക്കി ജില്ലയായിരിക്കും അധികാരപരിധി.

ക്വട്ടേഷനുകൾ 2026 ജനുവരി 31-ന് ഉച്ചകഴിഞ്ഞ് രണ്ടു മണി വരെ സ്വീകരിക്കും. ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ അന്ന് ഉച്ചകഴിഞ്ഞ് 4.30 ന് തുറക്കും.

മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം ★ ഐ. & പി.ആർ.ഡി. ★ കോട്ടയം-2

23/1/26

**ജില്ലാ ഇൻഫർമേഷൻ ഓഫീസർ (ഇൻ-ചാർജ്)**
ഇടുക്കി

1. പ്രസ് റിലീസ്
2. നോട്ടീസ് ബോർഡ്
3. ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂമീഡിയ, ഐ.& പി.ആർ.ഡി. ഡയറക്ടറേറ്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. മേഖല ഡെപ്യൂട്ടി ഡയറക്ടർ, ഐ.& പി.ആർ.ഡി. കോട്ടയം
5. കരുതൽ ഫയൽ
6. ഓഫീസ് കോപ്പി